ആനുകൂല്യങ്ങൾക്ക് കർഷക രജിസ്ട്രേഷൻ നിർബന്ധം

കാസർകോട്: കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കർഷക രജിസ്ട്രേഷൻ നിർബന്ധമാക്കി. www.aims.kerala.gov.in പോർട്ടലിലൂടെയാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്.

കർഷകർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി ഡിസംബർ 31 നകം രജിസ്ട്രേഷൻ ചെയ്യാം. ആധാർ നമ്പർ, ബാങ്ക് പാസ്ബുക്ക്, ഭൂ നികുതി രശീതി എന്നിവ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ഫോൺ: 04994 255346.

സൗജന്യ തൊഴിൽ പരിശീലനം

കാസർകോട്: സാമൂഹ്യനീതി വകുപ്പിന്റെ പൂജപ്പുരയിലെ ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ രണ്ടു വർഷം ദൈർഘ്യമുള്ള ബുക്ക് ബയന്റിംഗ്, ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 15 നും 30 നും മദ്ധ്യേ പ്രായമുള്ള ബധിരർ, മൂകർ, അസ്ഥിസംബന്ധമായ ശാരീരിക വൈകല്യമുള്ളവർ എന്നിവർക്ക് അപേക്ഷിക്കാം. പെൺകുട്ടികൾക്ക് താമസസൗകര്യം സൗജന്യമാണ്.

അപേക്ഷഫോം പൂജപ്പുരയിലെ ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ലഭിക്കും. അപേക്ഷകൾ, ബയോഡേറ്റ സഹിതം നവംബർ 26 ന് മുമ്പ് സൂപ്പർവൈസർ, ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2343618.

ശിശുദിന വാരാഘോഷ പരിപാടികൾ സമാപിച്ചു

കാസർകോട്: ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്നുവന്ന ശിശുദിന വാരാഘോഷം സമാപിച്ചു. ഷൈജിത്ത് കുറുവാക്കോട് ക്വിസ് മത്സരത്തിനും എ.പി അഭിരാജ് കൈകാര്യം ചെയ്ത മോട്ടിവേഷൻ ക്ലാസിനും നേതൃത്വം നൽകി. സമ്മാന വിതരണം ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് നിർവ്വഹിച്ചു. ജില്ലാ ശിശുവികസന ഓഫീസർ വി. എസ് ഷിംന അധ്യക്ഷയായി. സി.ഡബ്ല്യു.സി മെമ്പർ അഡ്വ. എ. കെ പ്രിയ, ചൈൽഡ് ലൈൻ ജില്ലാ കോ-ഓഡിനേറ്റർ അനീഷ് ജോസ് തുടങ്ങിയവർ സംസാരിച്ചു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ സി.എ ബിന്ദു സ്വാഗതവും ഡി.സി.പി.യു പ്രൊട്ടക്ഷൻ ഓഫീസർ കെ. ഷുഹൈബ് നന്ദിയും പറഞ്ഞു.

കവിതാലാപന മത്സരം

കാസർകോട്: വൈലോപ്പിള്ളി സംസ്കൃതി ഭവൻ മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ചരമദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി വൈലോപ്പിള്ളി കവിതകളുടെ ആലാപന മത്സരം സംഘടിപ്പിക്കുന്നു. 10 മുതൽ 15 വയസ്സു വരെയും 16 മുതൽ 20 വയസ്സു വരെയും 21 മുതൽ 25 വയസ്സു വരെയും പ്രായപരിധിയിൽ വരുന്നവരെ ഉൾപ്പെടുത്തി മൂന്ന് വിഭാഗങ്ങളിലായി ഓൺലൈനായി മത്സരം നടക്കും. ഡിസംബർ 22 ന് നടക്കുന്ന ചടങ്ങിൽ ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് ക്യാഷ് അവാർഡ് നൽകും. താത്പര്യമുള്ളവർ പ്രായം തെളിയിക്കുന്ന രേഖകൾ സഹിതം നവംബർ 27 നകം അപേക്ഷിക്കണം. ഫോൺ: 0471-2311842.

ഡി.സി.സി പ്രസിഡന്റിന് സ്വീകരണം

കാസർകോട്: ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസലിന് ഒ.ഐ.സി.സി ജിദ്ദ ജില്ലാ കമ്മറ്റി സ്വീകരണം നൽകി. ജിദ്ദ ഒ.ഐ.സി.സി നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരണമെന്നും അദ്ദേഹം പറഞ്ഞു. റീജ്യണൽ കമ്മറ്റി പ്രസിഡന്റ് കെ.ടി.എ മുനീർ ആധ്യക്ഷം വഹിച്ചു. യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റായി നിയമിതനായ ബി.പി പ്രദീപ് കുമാറിനും സ്വീകരണം നൽകി. ഒ.ഐ.സി.സി സെക്രട്ടറി പി.പി ഹാഷിം, മനാഫ് നുള്ളിപ്പാടി, കാർത്തിക് പെരിയ, രതീഷ് രാഘവൻ സംസാരിച്ചു. ഒ.ഐ.സി.സി ജിദ്ദാ കാസർകോട് പ്രസിഡന്റ് എം.എച്ച് ഹാരിസ് ഷേണി സ്വാഗതവും അഷ്റഫ് നീർച്ചാൽ നന്ദിയും പറഞ്ഞു.

കൂഡ്‌ലു ശേഷവന ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ സ്കന്ദ ഗോശാല എടനീർ മഠം സച്ചിദാനന്ദ ഭാരതി സ്വാമികൾ ഉദ്ഘാടനം ചെയ്തപ്പോൾ

എസ് വൈ എസ് സർക്കിൾ സഹവാസം 26ന്

പുത്തിഗെ: പ്രവർത്തകരുടെ സമഗ്ര പരിശീലനം ലക്ഷ്യമാക്കി എസ് വൈ എസ് പുത്തിഗെ സൗത്ത് സർക്കിൾ സംഘടിപ്പിക്കുന്ന രണ്ടാം സഹവാസം ക്യാമ്പ് 26ന് രാവിലെ 6ന് കോടിമൂല മദ്റസയിൽ നടക്കും.

സർക്കിൾ പ്രസിഡന്റ് ഫൈസൽ സഖാഫിയുടെ അദ്ധ്യക്ഷതയിൽ കേരള മുസ്ലിം ജമാഅത്ത് പുത്തിഗെ സൗത്ത് സർക്കിൾ ജനറൽ സെക്രട്ടറി ഉൽഘാടനം ചെയ്യും. മൂസ സഖാഫി കളത്തൂർ, സോൺ സെക്രട്ടറി ഇർഫാദ് മായിപ്പാടി വിഷയം അവതരിപ്പിക്കും.

കിടപ്പിലായ കുട്ടിയുടെ ചികിൽസക്കായി നാട്ടുകാർ കൈകോർക്കുന്നു

കാഞ്ഞങ്ങാട്: ഞരമ്പു സംബന്ധമായ അസുഖം മൂലം എഴുന്നേൽക്കാനാവാതെ രോഗാവസ്ഥയിൽ കഴിയുന്ന ശിവനന്ദ് എന്ന കുട്ടിയുടെ ചികിത്സയ്ക്കായി നാട്ടുകാർ കൈകോർക്കുന്നു. പുല്ലൂർ പെരിയയിലെ മധുരമ്പാടിയിലെ മധു കോമരത്തിന്റെയും ശൈലജയുടെയും മകൻ ശിവനന്ദിന്റെ ചികിൽസക്കായാണ് നാട്ടുകാർ ഒത്ത് ചേർന്നത്. നാല് വർഷമായി ശിവനന്ദിന് അസുഖം ബാധിച്ചിട്ട്.

ഉള്ളതെല്ലാം വിറ്റുപെറുക്കി ഇതിനകം ചികിൽസകൾ നടത്തിയെങ്കിലും ഫലം കണ്ടില്ല. എന്നാൽ അടുത്ത കാലത്ത് എറണാകുളത്തെ വിദഗ്ധനായ ഒരു ഡോക്ടറുടെ ചികിൽസയിൽ കുട്ടിക്ക് മാറ്റങ്ങൾ കണ്ട് തുടങ്ങിയിട്ടുണ്ട്. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ ആറ് ശസ്ത്രക്രിയകൾ നടത്തിയാൽ കുട്ടിയെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനാവുമെന്ന് ഡോക്ടർ ഉറപ്പ് നൽകിയതോടെ എല്ലാവരും പ്രതീക്ഷയിലാണ്. മകന്റെ കൂടെ ശുശ്രൂഷകൾക്ക് നിൽക്കുന്നത് കാരണം കല്ല് കെട്ട് തൊഴിലാളിയായ മധു കോമരത്തിന് ജോലിക്ക് പോകാനും സാധിക്കുന്നില്ല. കുട്ടിയുടെ പാദത്തിനും കാൽമുട്ടിനും ഉൾപ്പെടെ ശസ്ത്രക്രിയകൾ നടത്തേണ്ടതുണ്ട്. എട്ട് ലക്ഷം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ശിവനന്ദിനെ സഹായിക്കാനായി നാട്ടുകാർ ചികിൽസാ സഹായ സമിതി രൂപീകരിച്ചിട്ടുണ്ട്.

ശിവനന്ദ്

പുല്ലൂർ പെരിയ പഞ്ചായത്ത് പ്രസിഡന്റ് സി.കെ. അരവിന്ദൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ. സീത എന്നിവർ രക്ഷാധികാരികളും വാർഡ് അംഗം എം.വി.നാരായണൻ ചെയർമാനും, എ. കൃഷ്ണൻ കൺവീനറും എം.വി.നാരായണൻ പുളിക്കാൽ ട്രഷററുമായ കമ്മിറ്റിയാണ് രൂപവൽക്കരിച്ചത്. കമ്മിറ്റിയുടെ പേരിൽ യൂണിയൻ ബേങ്ക് വെള്ളിക്കോത്ത് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ട് വിവരം ശിവനന്ദ് ചികിത്സ സഹായ നിധി അക്കൗണ്ട് നമ്പർ 290122010000391 ഐ എഫ് എസ് സി കോഡ്: യു ബി ഐ എൻ 0929018.

പ്രിൻസിപ്പാളിന് നേരെയുള്ള അതിക്രമം; കുറ്റക്കാരെ അറസ്റ്റ് ചെയ്യണം: ബിജെപി

കാസർകോട്: ഗവ. കോളജ് പ്രിൻസിപ്പാളിന് നേരെ എം. എസ്.എഫ് പ്രവർത്തകർ നടത്തിയ അക്രമത്തെ ബി ജെ പി ജില്ലാ പ്രസിഡണ്ട് കുണ്ടാർ രവീശ തന്ത്രി അപലപിച്ചു. കുറ്റക്കാർക്കെതിരെ കർശന നടപടി വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കലാലയ പരിസരത്ത് മാസ്ക് ധരിക്കാതെ കൂട്ടം കൂടിയതിനെ പ്രിൻസിപ്പാൾ ഡോ. എം. രമ ചോദ്യം ചെയ്തതാണ് എംഎസ്എഫ് പ്രവർത്തകരെ പ്രകോപിപ്പിച്ചതെന്നു പറയുന്നുണ്ടെങ്കിലും ക്യാംപസിൽ ലഹരിമരുന്ന് മാഫിയക്കെതിരെ കർശന നിലപാട് സ്വീകരിച്ചതാണ് യഥാർത്ഥ കാരണമെന്ന് അറിയിപ്പിൽ അദ്ദേഹം പറഞ്ഞു. കേരളത്തിലെ കലാലയങ്ങളിലെ തങ്ങളുടെ എതിർശബ്ദങ്ങളെ ഇല്ലാതാക്കാനാണ് മുസ്ലിംലീഗിന്റെയും സിപിഎമ്മിന്റെയും വിദ്യാർത്ഥി സംഘടനകൾ നിരന്തരം ശ്രമിക്കുന്നത്. റാഗിംഗ് ലോബികൾക്ക് പിന്തുണ നൽകുന്നതും ഇതേ വിദ്യാർത്ഥി സംഘടനകൾ തന്നെ. ഈ സംഘടനകൾക്ക് വേരോട്ടമുള്ള ക്യാമ്പസുകളിൽ മറ്റു വിദ്യാർത്ഥി സംഘടനകളിലെ അംഗങ്ങൾക്ക് മാത്രമല്ല അധ്യാപകർക്കും പ്രിൻസിപ്പാൾമാർക്കും രക്ഷയില്ലാത്ത സാഹചര്യമാണ്. തങ്ങളുടെ ചൊൽപ്പടിക്ക് നിൽക്കാത്ത അധ്യാപകരെ പോലും ഭീഷണിപ്പെടുത്തുകയും അക്രമിക്കുകയും ചെയ്യുന്ന സംഭവങ്ങൾ സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമെന്നു അഹങ്കരിക്കുന്ന കേരളത്തിൽ വർദ്ധിക്കുന്നു.എറണാകുളം മഹാരാജാസ് കോളേജിലെ പ്രിൻസിപ്പൽ എൻ. എൽ ബീനയുടെ കസേര കത്തിച്ചതും പാലക്കാട് ഗവ: വിക്ടോറിയ കോളജ് പ്രിൻസിപ്പൽ ഡോ. എൻ. സരസുവിന് കലാലയ മൈതാനത്ത് പ്രതീകാത്മക കുഴിമാടം തീർത്തതും ജില്ലയിലെ തന്നെ മറ്റൊരു പ്രധാന കലാലയമായ കാഞ്ഞങ്ങാട് ഗവ. നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജിലെ പ്രിൻസിപ്പൽ ഡോ. പിവി പുഷ്പജയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പോസ്റ്റർ പതിച്ചതും അവരുടെ വസതിക്ക് നേരെ ബോംബെറിഞ്ഞതുമായ സംഭവങ്ങൾക്ക് സമാനമാണ് കാസർകോട് ഗവ.കോളജിൽ അരങ്ങേറുന്നത്. കോളേജിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ എസ്.എഫ്.ഐ പ്രവർത്തകരുമായി മത്സരിക്കുകയാണ് എം.എസ്.എഫ്. സ്ത്രീകളായ അധ്യാപികമാരാണ് എം.എസ്.എഫ്, എസ്.എഫ്.ഐയുടെ അതിക്രമങ്ങൾക്ക് കൂടുതൽ ഇരയാകുന്നതെന്ന യാഥാർത്ഥ്യം സ്ത്രീസുരക്ഷയെപറ്റി വാചാലരാകുന്ന സംസ്ഥാന സർക്കാരിനുള്ള പ്രഹരമാണ്. വിദ്യാർത്ഥി സംഘടനകളെ നിലയ്ക്ക് നിർത്താൻ അവയുടെ മാതൃ രാഷ്ട്രീയ സംഘടനകളും സർക്കാരും തയ്യാറാകാത്ത പക്ഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഇനിയും അധഃപതിക്കുമെന്നും രവീശ തന്ത്രി കുണ്ടാർ മുന്നറിയിച്ചു. ലഹരിമരുന്ന് ഉപയോഗം ഉൾപ്പെടെ കലാലയത്തിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്ന അധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും എല്ലാ പിന്തുണയും ബിജെപി വാഗ്ദാനം ചെയ്തു.

കെ എം എസ് ആർ എ ജില്ലാ സമ്മേളനം സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി ടി കെ രാജൻ ഉദ്ഘാടനം ചെയ്യുന്നു.

ഐ.എൻ.എൽ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സേട്ട് ജൻമശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ച് നടന്ന അനുസ്മരണം തുറമുഖ വകുപ്പ് മന്ത്രിയും അഖിലേന്ത്യാ ജനറൽ സെക്രട്ടറിയുമായ അഹമ്മദ് ദേവർ കോവിൽ നിർവ്വഹിക്കുന്നു

ഔഷധങ്ങളുടെ വില കുറയ്ക്കണമെന്നാവശ്യം

കാഞ്ഞങ്ങാട്: ഔഷധ വില കുറയ്ക്കണമെന്നും, ജി എസ് ടി പൂർണമായും ഒഴിവാക്കണമെന്നും കേരള മെഡിക്കൽ സെയിൽസ് റിപ്രെസെന്റേറ്റീവ് അസോസിയേഷൻ പന്ത്രണ്ടാമത് ജില്ലാസമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി നടന്ന സമ്മേളനം സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി ടി കെ രാജൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് വി രാജൻ അധ്യക്ഷനായി. സംസ്ഥാന ട്രഷറർ പി കെ സന്തോഷ്, വൈസ് പ്രസിഡന്റ് യു സന്തോഷ്, സംസ്ഥാനകമ്മിറ്റി അംഗങ്ങളായ പി സുകുമാരൻ, പി മനോജ്, ജില്ലാ ട്രഷറർ ബാബു മീത്തൽ, കെ വി ഷിബു, പി പി സുധീർ, ജില്ലാ സെക്രട്ടറി സി കെ കൃഷ്ണൻ സംസാരിച്ചു. പുതിയ ഭാരവാഹികളായി വി രാജൻ (പ്രസി.), സി കെ കൃഷ്ണൻ (സെക്ര.), ബാബു മീത്തൽ (ട്രഷ.) എന്നിവരെ തെരഞ്ഞെടുത്തു.

വി രാജൻ(പ്രസി.), സി കെ കൃഷ്ണൻ(സെക്ര.), ബാബു മീത്തൽ (ട്രഷ.)

സേട്ട് അനുസ്മരണവും ഐ.എൻ.എൽ ജില്ലാ കൺവെൻഷനും

കാസർകോട്: ഐ.എൻ.എൽ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഐ.എൻ.എൽ സ്ഥാപക നേതാവ് സേട്ട് സാഹിബ് ജൻമശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ചു സേട്ട് സാഹിബ് അനുസ്മരണം പുതിയ ബസ്സ്റ്റാന്റ് പരിസരത്ത് മന്ത്രി അഹ്മദ് ദേവർ കോവിൽ ഉദ്ഘാടനം ചെയ്തു.ഐ.എൻ.എൽ ജില്ലാ പ്രസിഡന്റ് മൊയ്തീൻ കുഞ്ഞി ആധ്യക്ഷം വഹിച്ചു. പ്രൊഫ..എ.പി, അബ്ദുൽ വഹാബ്, കാസിം ഇരിക്കൂർ, ഹംസ ഹാജി, കെ. എസ്.ഫക്രുദീൻ, എം.എ.ലത്തീഫ്, റഹീം ബെണ്ടിച്ചാൽ, സി.എം എ ജലീൽ, ഹസീന ടീച്ചർ, ഹനീഫ് ഹദ്ദാദ്, ഹാരിസ് ബെഡി, സത്താർ കുന്നിൽ, അബ്ദുൽ റഹിമാൻ മാസ്റ്റർ, ഹനീഫ കടപ്പുറം, ജില്ലാ ജനറൽ സെക്രട്ടറി അസീസ് കടപ്പുറം സംസാരിച്ചു.

വിഖായ ക്യാമ്പ് നടത്തി

മഞ്ചേശ്വരം: സന്നദ്ധ സേവനരംഗത്ത് വിഖായയുടെ സേവനം വിലമതിക്കാനാവാത്തതാണെന്ന് എസ്.കെ എസ് എസ്. എഫ് ജില്ലാ പ്രസിഡണ്ട് സുഹൈർ അസ്ഹരി പള്ളങ്കോട് പറഞ്ഞു. വിഖായ സംസ്ഥാന ക്യാമ്പയിന്റെ ഭാഗമായി ഹൊസ്സങ്കടിയിൽ സംഘടിപ്പിച്ചു. ഒന്നാംഘട്ട ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ ചെയർമാൻ നിസാർ മച്ചംപാടി ആധ്യക്ഷം വഹിച്ചു. വി.കെ മുശ്താഖ് ദാരിമി, ഇബ്റാഹിം അസ്ഹരി പള്ളങ്കോട്, സുബൈർ ദാരിമി പടന്ന, റഫീഖ് ഫൈസി ബാഖവി പയ്യക്കി, സലാം വൊർക്കാടി, ബഷീർ മിത്തബൈൽ, ഇസ്മായിൽ അസ്ഹരി ബാളിയൂർ, അൻവർ തുപ്പക്കൽ, ഫാറൂഖ് മൗലവി മഞ്ചേശ്വരം, നാസർ അസ്ഹരി കുഞ്ചത്തൂർ, ഇബ്റാഹിം ഖലീൽ അശ്ശാഫി കുമ്പള, അലി ചർളടുക്ക, സിനാൻ അസ്ഹരി, അലി ഗുണാജെ സംസാരിച്ചു.

എസ്.ടി പ്രമോട്ടർമാർക്ക് പരിശീലനം

കാസർകോട്: ജില്ലയിലെ എസ്.ടി പ്രമോട്ടർമാർക്കും കോളേജ് അംബാസഡർമാർക്കും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ച് പരിശീലനം നൽകി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി. സൂര്യനാരായണൻ ഉദ്ഘാടനം ചെയ്തു. സ്വീപ്പ് ജില്ലാ നോഡൽ ഓഫീസർ ജി. സുരേഷ് ബാബു ക്ലാസെടുത്തു. ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ എസ്. സജു, ഡെപ്യൂട്ടി താഹസിൽദാർ യു. രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. വരും ദിവസങ്ങളിൽ ക്യാമ്പസ് അംബാസഡർമാരുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ക്ലാസ് നൽകും.

കെ എസ് ആർ ടിസി ബസ് സർവ്വീസുകൾ പുന:രാരംഭിക്കണം: സി പി ഐ

പെരുമ്പള: കാസർകോട് കെ എസ് ആർടിസി ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന ദേശസാൽകൃത റൂട്ടുകളായ കാസർകോട് -അഞ്ചങ്ങാടി-പെരുമ്പളപാലം, കാസർകോട്-നായന്മാർമൂല-പെരുമ്പളപ്പാലം, കോളിയടുക്കം- കാസർകോട് -ദേളി ചട്ടഞ്ചാൽ റൂട്ടിൽ സർവ്വീസ് പുനഃരാരംഭിക്കണമെന്ന് സി പി ഐ ചെമ്മനാട് ലോക്കൽ കമ്മിറ്റി ആവശ്യപ്പെട്ടു. ഈ റൂട്ടിൽ കെ എസ് ആർടിസി ബസ്സ് സർവ്വീസ് നിർത്തിവെച്ചിട്ട് രണ്ട് വർഷത്തോളമായി. ഇതിൽ കാസർകോട് -ദേളി -ചട്ടഞ്ചാൽ റൂട്ടിൽ മാത്രമാണ് ഇപ്പോൾ ഭാഗികമായി സർവ്വീസ് ആരംഭിച്ചിട്ടുള്ളത്.

മേൽപറഞ്ഞ മറ്റു രണ്ട് റൂട്ടുകളിലും ഇതുവരെയായി സർവ്വീസ് പുന:രാരംഭിച്ചിട്ടില്ല. വിദ്യാലയങ്ങൾ കൂടി തുറന്ന സാഹചര്യത്തിൽ ചെമ്മനാട് ഹയർ സെക്കണ്ടറി സ്കൂൾ, കോളിയടുക്കം ജിയുപി സ്കൂൾ, അപ്സര പബ്ലിക്ക് സ്കൂൾ, ചട്ടഞ്ചാൽ ഹയർ സെക്കണ്ടറി സ്കൂൾ, സഅദിയ ആർട്സ് ആന്റ് സയൻസ് കോളേജ്, ചെമ്മനാട് ജമാഅത്ത് ഹയർ സെക്കണ്ടറി സ്കൂൾ, ചന്ദ്രഗിരി ഗവ. ഹൈസ്കൂൾ കൂടാതെ മറ്റു വിവിധ വിദ്യാലയങ്ങളിലും പഠിക്കുന്ന നൂറ് കണക്കിന് വിദ്യാർത്ഥികൾ യാത്രാ സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്.

അടിയന്തിരമായി വിദ്യാർത്ഥികളുടെയും മറ്റു യാത്രക്കാരുടെയും യാത്രാ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് സി പി ഐ ചെമ്മനാട് ലോക്കൽ കമ്മറ്റി കെ എസ് ആർ ടിസി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

ഗാന കോകിലം അശ്വതിക്ക് ആദരം

ബോവിക്കാനം: ബെള്ളിപ്പാടി മധുവാഹിനി ലൈബ്രറിയിൽ നാളെ ഗാന കോകിലം കുമാരി ആർ അശ്വതിയെ ആദരിക്കും.കേരള കലാ മണ്ഡലത്തിൽ നിന്നും എം എ മ്യൂസിക്കിൽ മികച്ച വിജയം നേടിയ ആനന്ദമഠത്തിലെ ആർ അശ്വതിയുമായി സംവാദവും സംഘടിപ്പിക്കും.

ഗ്രന്ഥാലയം പ്രസിഡണ്ട് ഗോവിന്ദ ബള്ളമൂല ആധ്യക്ഷം വഹിക്കും.

SAMASTHA AASTHANAM
Manjeshwar Megala
SAMASTHA AASTHANAM
HOSANGADI
SKS

വിഖായ ജില്ലാ സമിതി ഹൊസങ്കടി സമസ്ത ആസ്ഥാനത്ത് സംഘടിപ്പിച്ച ഒന്നാംഘട്ട ക്യാമ്പ് ജില്ലാ പ്രസിഡണ്ട് സുഹൈർ അസ്ഹരി പള്ളങ്കോട് ഉദ്ഘാടനം ചെയ്യുന്നു

കർഷകർക്ക് അഭിനന്ദനവുമായി ഡിസിസി പ്രമേയം

കാസർകോട്: കാർഷിക നിയമം പിൻവലിക്കാൻ സമരം ചെയ്ത കർഷകരെ അഭിനന്ദിച്ച് ഡി ഡി സി പ്രമേയം

സമരത്തിന് നേതൃത്വം നൽകിയ രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, കർഷക സംഘടന നേതാക്കൾ എന്നിവരെ കാസർകോട് ഡിസിസി യോഗം അഭിനന്ദിച്ചു കൊണ്ട് പ്രമേയം പാസാക്കി. വിലക്കയറ്റത്തിനും പണപ്പെരുപ്പത്തിനുമെതിരെ കോൺഗ്രസ് രാജ്യവ്യാപകമായി നടത്തുന്ന ജൻ ജാഗരൺ അഭിയാന്റെ ഭാഗമായി ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 26, 27 തീയതികളിൽ പദയാത്ര സംഘടിപ്പിക്കും. 26 ന് 2 മണിക്ക് കാസർകോട് മല്ലികാർജ്ജുന ക്ഷേത്ര പരിസരത്ത് നിന്നും ആരംഭിച്ച് മേൽപറമ്പിൽ സമാപിക്കും.യോഗത്തിൽ ഡിസിസി പ്രസിഡണ്ട് പി കെ ഫൈസൽ ആധ്യക്ഷം വഹിച്ചു. കെപിസിസി സെക്രട്ടറി എം അസ്സിനാർ, ഡിസിസി വൈസ് പ്രസിഡന്റ് പി ജി ദേവ്, സെക്രട്ടറിമാരായ എംസി പ്രഭാകരൻ,സി വി ജെയിംസ്, കരുൺ,എം കുഞ്ഞമ്പു നമ്പ്യാർ, ഗീതാകൃഷ്ണൻ,ജെ എസ് സോമശേഖര,സുന്ദര,കെ വി സുധാകരൻ,വി ആർ വിദ്യാസാഗർ, ഹരീഷ് പി നായർ,ടോമി,ബ്ലോക്ക് പ്രസിഡണ്ട് മാരായ കെ ഖാലിദ്, പി കുഞ്ഞിക്കണ്ണൻ, മഡിയൻ ഉണ്ണികൃഷ്ണൻ, രാജൻ, തോമസ് മാത്യു, ബലരാമൻ നമ്പ്യാർ, വാരിജാക്ഷൻ കെ, ഡി എം കെ മുഹമ്മദ്, ലക്ഷ്മണ പ്രഭു എന്നിവർ സംസാരിച്ചു.

'വിമുക്തഭടന്മാർക്കും, ആശ്രിതർക്കും സാമ്പത്തിക സഹായം അനുവദിക്കാൻ ശുപാർശ ചെയ്യും'

കാസർകോട്: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 28 വിമുക്ത ഭടന്മാർക്കും, ആശ്രിതർക്ക് ജില്ലാ സൈനിക ക്ഷേമനിധിയിൽ നിന്നും സാമ്പത്തികസഹായം അനുവദിക്കുന്നതിനും 14 പേർക്ക് സംസ്ഥാന സൈനിക ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനും ശുപാർശ ചെയ്യാൻ തീരുമാനം. ജില്ലാ സൈനിക ബോർഡിന്റെയും സായുധസേനാ പതാക ദിനഫണ്ട് കമ്മിറ്റിയുടെയും യോഗത്തിലാണ് തീരുമാനം. ജില്ലാ സൈനിക ക്ഷേമ ഓഫീസ് കാഞ്ഞങ്ങാട് സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനും സൈനിക റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനും, യുദ്ധസ്മാരകത്തിനു സ്ഥലം ലഭ്യമാകുന്നതിനും വിമുക്തഭടന്മാർക്ക് ഏഴിമല നേവൽ ക്യാന്റീനിൽ ഞായറാഴ്ച്ചയും പ്രവേശനം അനുവദിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. 18-ാം തവണയും ഏറ്റവും കൂടുതൽ പതാകവില്പന നടത്തിയ ജില്ലക്കുള്ള മുഖ്യമന്ത്രിയുടെ ട്രോഫി നേടിയതിന് പിന്നിൽ പ്രവർത്തിച്ചവരെ യോഗം അഭിനന്ദിച്ചു. ജില്ലാ തല ഉദ്ഘാടനം ഡിസംബർ ഏഴിന് നടക്കും. ഡെപ്യൂട്ടി കളക്ടർ എസ് സജീദ് ആധ്യക്ഷം വഹിച്ചു. സൈനിക ബോർഡ് വൈസ് പ്രസിഡന്റ് ബ്രിഗേഡിയർ ടി.സി.അബ്രഹാം, സ്ക്വാഡ്രൺ ലീഡർ നാരായണൻ നായർ, മോഹനൻ നായർ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ മുഹമ്മദ് അസ്ലം, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ, വിദ്യാഭ്യാസ ഉപഡയറക്ടർ കെ.വി. പുഷ്പ, ഡി.വൈ.എസ്.പി പി. ബാലകൃഷ്ണൻ നായർ, ലീഡ് ബാങ്ക് മാനേജർ എൻ. കണ്ണൻ സംബന്ധിച്ചു.

ശബരിമല അയ്യപ്പ സേവാ സമാജം സംസ്ഥാന സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട വിജിന്ത് രാമകൃഷ്ണൻ, സംസ്ഥാന കമ്മിറ്റി അംഗം നാരായണൻ ഗുരുസ്വാമി കൊട്ടോടി എന്നിവർക്ക് പള്ളിപ്പുറം അയ്യപ്പ ഭജന മന്ദിരത്തിൽ നൽകിയ ആദരം

പ്രിൻസിപ്പാളിനെ മാറ്റി നിർത്തി അന്വേഷിക്കണം: യൂത്ത് ലീഗ്

കാസർകോട്: ഗവ.കോളേജിൽ വിദ്യാർത്ഥിയെ കാല് പിടിപ്പിച്ച സംഭവത്തിൽ ഉത്തരവാദിയായ പ്രിൻസിപ്പാളിനെ തൽസ്ഥാനത്ത് നിന്നും മാറ്റി നിർത്തി അന്വേഷണം നടത്തണമെന്ന് മുസ്ലിം യൂത്ത് ലീഗ് ജില്ലാ പ്രസിഡണ്ട് അസീസ് കളത്തൂർ, ജന സെക്രട്ടറി സഹീർ ആസിഫ് എന്നിവർ ആവശ്യപ്പെട്ടു.

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശീഘ്ര സ്ഖലനം, സ്വപ്നസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം.എച്ച്. ചൗധരി
ഡോ.ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
അൽ - ഇമാൻ
ആയുർവ്വേദിക് ക്ലിനിക്
ഫോർട്ട് റോഡ് കാസർകോട്
മഡിയൻ , കാഞ്ഞങ്ങാട്

സന്ദർശന സമയം രാവിലെ 9.00 മണി മുതൽ രാത്രി 6.30മണി വരെ

Mob: 9446060021, 9446090021

BEFORE THE MOTOR ACCIDENT CLAIMS TRIBUNAL, KASARAGOD,

O.P(MV) No. 57 / 2021

Between
Noufal sadique .... Petitioner
AND
Palanisamy C and others .... Respondents

NOTICE

To:
R2. Mr.P.Palanisamy S/o.Periyannan,R/at No.6/586,
Pushpa Nivas,Chemmanamkadu, Kanjjikode,Palakkad,
Kerala. 678012.

Please take notice that the above case is posted for your appearance on10.01.2022 at 11.A.M in the above court. Therefore your are hereby requested to appear on the said day and time in the above court either in person or through an authorized agent failing which the above case will be decided in your absence exparte.

/ By Order/

Kasaragod
23.11.2021

Sd/- (Bharath V Karanth)
Advocate for petitioner